**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2555 12.02.2019 -ലെ മറുപടിക്ക്**

**<u>അംബേദ്കർ ഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | (എ) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള പദ്ധതി<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിൽ സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവു വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജ്ജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ(സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ ഫെസിലിറ്റീസ്<br>13. അടുക്കളത്തോട്ടം<br>14.വരുമാനദായക പദ്ധതികളായ ഡയറിംഗ്, മൃഗസംരക്ഷണം/ ഹോർട്ടികൾച്ചർ, സെറികൾച്ചർ വീവിംഗ്/കരകൗശലം മുതലായ വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതികൾ |

| | | | |
|---|---|---|---|
| (ബി) | വണ്ടൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ കോളനികളിലാണ് പദ്ധതി നടപ്പിലാക്കുന്നത്; എത്ര ശതമാനം പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കി; | (ബി) | വണ്ടൂർ നിയോജക മണ്ഡലത്തിൽ നിന്നും കാളികാവ് ബ്ലോക്കിലെ വാരിയത്ത് എസ്.സി.കോളനി, വണ്ടൂർ ബ്ലോക്കിലെ ഷാരിയിൽ എസ്.സി. കോളനി എന്നീ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. വാരിയത്ത് എസ്.സി. കോളനിയിൽ 40% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഷാരിയിൽ പട്ടികജാതി കോളനിയിൽ 25% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രവൃത്തികൾ ത്വരിതപ്പെടുത്തി വികസന പ്രവർത്തനങ്ങൾ അതിവേഗം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (സി) | പ്രവൃത്തി ത്വരിതപ്പെടുത്തി വികസന പ്രവർത്തനങ്ങൾ അതിവേഗം പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ